'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭയുടെ 2016-17 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ കാരുണ്യം ഭവനം എന്ന പദ്ധതി പ്രകാരം അനുവദനീയമായ അളവിൽ കൂടുതൽ വിസ്തീർണ്ണത്തിൽ ഭവനം നിർമ്മിച്ച ശ്രീമതി. അന്നമ്മ ദാനിയേൽ എന്നയാൾക്ക് അഞ്ചാം ഗഡു അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.1084/2019/LSGD തീയതി,തിരുവനന്തപുരം, 29/05/2019

---

പരാമർശം:- 1 നഗരകാര്യഡയറക്ടറുടെ 13/12/2018ലെ ഡിസി4/25232/2018 നമ്പർ കത്ത്.

2 27/02/2019ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.49 നമ്പർ തീരുമാനം.

**ഉത്തരവ്**

കോട്ടയം നഗരസഭയുടെ 2016-17 വാർഷിക പദ്ധതിയിൽ നടപ്പിലാക്കിയ കാരുണ്യം ഭവനം എന്ന പദ്ധതി പ്രകാരം ശ്രീമതി. അന്നമ്മ ദാനിയേൽ, വട്ടച്ചിറയിൽ, ചിങ്ങവനം എന്നവർക്ക് പാസാക്കിയ. 2 ലക്ഷം രൂപയിൽ 4 ഗഡുക്കളിലായി 180000/- (ഒരു ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിച്ചിരുന്നു. തുടർന്ന് അവസാന ഗഡുവായ 20000/- രൂപ അനുവദിക്കുന്നതിനായി ടിയാൾ ഒക്യുപൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയപ്പോൾ അനുവദനീയമായ അളവിൽ കൂടുതൽ വിസ്തീർണ്ണത്തിൽ ഭവനം നിർമ്മിച്ചതായി കാണപ്പെട്ടതിനാൽ തുക അനുവദിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. ടിയാളുടെ ബുദ്ധിമാന്ദ്യമുള്ള മകനെ പ്രത്യേകമായി താമസിപ്പിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം അധികമായി നിർമാണം നടത്തിയതെന്നും ആയത് മാപ്പാക്കി 2 ലക്ഷം രൂപയുടെ അവസാന ഗഡുവായ 20000/- രൂപ അനുവദിക്കണമെന്നുമുള്ള അപേക്ഷകയുടെ ആവശ്യത്തിന്മേൽ മകന്റെ പ്രത്യേക അവസ്ഥ പരിഗണിച്ച് അഞ്ചാം ഗഡു അനുവദിക്കുന്നതിന് വ്യവസ്ഥകളിൽ ഇളവനുവദിച്ച് പ്രത്യേക അനുമതി

നൽകാമെന്ന പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരിന്നു.

2. ഇക്കാര്യം 27/02/2019ന്ന ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2)ലെ തീരുമാന പ്രകാരം, ഭവന നിർമ്മാണ പദ്ധതിയുടെ അവസാന ഗഡുവായ 20000/- (ഇരുപതിനായിരം രൂപ മാത്രം) ശ്രീമതി. അന്നമ്മ ദാനിയേലിന് അനുവദിക്കുന്നതിന് കോട്ടയം നഗരസഭയ്ക്ക് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,കോട്ടയം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, വെബ് & ന്യൂ മീഡിയ( പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎക്ക്